കേരളസർക്കാർ

<u>സംഗ്രഹം</u>

വനം - വന്യജീവി വകുപ്പ് - തൃശ്ശൂർ ഡിവിഷൻ പട്ടിക്കാട് റെയിഞ്ചിലെ വിവിധ തോട്ടങ്ങളിൽ തിന്നിംഗ് നടത്തി ലഭിച്ച തഴകൾ സ്ഥലത്ത് വച്ചു് ലേലം ചെയ്തു വിൽക്കാൻ അനുവാദം നൽകി ഉത്തരവാകുന്നു.

- - - - - - - - - - - - - - - - - - - - - - -

വനം വന്യജീവി (ബി) വകുപ്പ്

ജി.ഒ.(ആർ.ടി)388/95/വനം തിരുവനന്തപുരം, തീയതി 18.10.95.

- - - - - - - - - - - - - - - - - - - - - - -

പരാമർശം : ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 8.8.95-ലെ
സി5-5795/95 നംപർ കത്ത്.

<u>ഉത്തരവ്</u>

തൃശ്ശൂർ ഡിവിഷനിലെ പട്ടിക്കാട് റെയിഞ്ചിലെ 1964, 65,66 എന്നീ കുതിരാൻ തേക്ക് തോട്ടങ്ങളിൽ നിന്നും ശേഖരിച്ച കഴകളും പുല്ലുകണ്ടം തോട്ടത്തിൽ നിന്നും ശേഖരിക്കുവാനുള്ള കഴകളും അതാതു് തോട്ടങ്ങളിൽ ഉള്ള താൽക്കാലിക ഡംബിംഗ് ഡിപ്പോകളിൽ അട്ടിവച്ചു് ലേലം ചെയ്ത് വിൽക്കാൻ അനുവാദം നൽകണമെന്ന് പരാമർശക്കത്തിൽ സി.സി.എഫ്. ശുപാർശ ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അതിൻപ്രകാരം, കുതിരാൻ തോട്ടങ്ങളിൽ നിന്നും ശേഖരിച്ച തേക്കുകഴകളും, പുല്ലുകണ്ടം തേക്കുതോട്ടത്തിൽ നിന്ന് ശേഖരിക്കാനുള്ള തേക്ക് കഴകളും അതാതു് തോട്ടങ്ങളിലുള്ള താല്ക്കാലിക ഡംബിംഗ് ഡിപ്പോകളിൽ അട്ടിവച്ചു് ലേലം ചെയ്ത് വിൽക്കുവാൻ അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സി.ഡി. ജോണി
ജോയിന്റ് സെക്രട്ടറി.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
തിരുവനന്തപുരം.

<u>മേലെഴുത്ത് നം. സി5-5795/95 തീയതി 30.11.95.</u>

പകർപ്പ്, തൃശ്ശൂർ കൺസർവേറ്റർക്കും, ഡിവിഷണൽ ഫോറസ്റ്റാഫീസർ, തൃശ്ശൂർ എന്നിവർക്ക് അനന്തര നടപടികൾക്കായി അയയ്ക്കുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(പി)ക്ക് വേണ്ടി.

ആർ.30.11.